भारतीय गैर न्यायिक

एक सौ रुपये — Rs. 100 — ONE HUNDRED RUPEES — रु. 100

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

AE 491446

2023 രണ്ടായിരത്തിപതിനാല് ആഗസ്റ്റ് മാസം 22 ഇരുപത്തിരണ്ടാം തിയ്യതി നിലമ്പൂർ താലൂക്ക് എടക്കര അംശം ദേശത്ത് ലിബിൻ വില്ലയിൽ താമസിക്കും തയ്യിൽ വർഗ്ഗീസ് മകൻ 63 വയസ്സ് വർഗ്ഗീസ് മാത്യു 1-ാം കക്ഷിയായും ഏറനാട് താലൂക്ക് വഴിക്കടവ് അംശം ദേശത്ത് മാമാങ്കര താമസിക്കും കറുത്തേടൻ മുഹമ്മദ് മകൻ 37 വയസ്സ് സലാഹുദ്ദീൻ കെ.എ. 2-ാം കക്ഷിയായും എഴുതിയ വാടക കരാർ.

നമ്മളിൽ 1-ാം കക്ഷിയുടെ ഉടമസ്ഥതയിലും കൈവശത്തിലും ക്രയവിക്രയസ്വാതന്ത്ര്യത്തിലുമുള്ളതും എടക്കര ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ EP/894D,E എന്നീ നമ്പർ പീടികമുറികൾ 2023 ആഗസ്റ്റ് മാസം 1-ാം തിയ്യതി മുതൽ 11 പതിനൊന്ന് മാസ കാലത്തേക്ക്

1. T.V. Mathew

2. Salahudhin. k.

മാസം1ക്ക് മദ്ധ്യസ്ഥന്മാർമുഖാന്തിരം 2800ക രണ്ടായിരത്തിഎണ്ണൂറ് ഉറുപ്പിക പ്രകാരം വാടക നിശ്ചയിച്ച് 'സൌഭ്യർട്രാവൽസ്' എന്ന സ്ഥാപനം നടത്തേണ്ട ആവശ്യത്തിലേക്ക് 1-ാം കക്ഷി 2-ാം കക്ഷിക്ക് വാടകക്ക് ഏൽപിച്ച് കൊടുക്കുകയും 2-ാം കക്ഷി ഏറ്റെടുക്കുകയും ചെയ്ത് വാടകയുടെ ഉറപ്പിലേക്ക് അഡ്വാൻസായി ഇന്നത്തെ തിയ്യതിക്ക് 25,000ക ഇരുപത്തിഅയ്യായിരം ഉറുപ്പിക 2-ാംകക്ഷി 1-ാം കക്ഷിക്ക് റൊക്കം കൊടുക്കുകയും 1-ാം കക്ഷി കൈപ്പറ്റുകയും ചെയ്തിരിക്കുന്നു.

മേൽ നിശ്ചയിച്ച വാടക എല്ലാ മാസവും 2-ാം കക്ഷി 1-ാം കക്ഷിയുടെ കൈവശമോ 1-ാം കക്ഷി നിർദ്ദേശിക്കുന്നവരുടെ കൈവശമോ കൊടുത്ത് ബോധ്യപ്പെടുത്തേണ്ടതാണെന്നും,മേൽ നമ്പർ പിടികമുറിയുടെകളുടെ അതാത് മാസങ്ങളിലെ സ്പോട്ട് ബില്ല് പ്രകാരമുള്ള കറന്റ് ചാർജ്ജും, അഡീഷണൽ ബില്ലുകളും വാടകയിൽ കുറവ് വരാതെ 2-ാം കക്ഷി സ്വന്തം ചിലവിൽ ബന്ധപ്പെട്ട ഓഫീസിൽ അടച്ച് രശീതികൾ സൂക്ഷിക്കേണ്ടതാണെന്നും, മേൽ നമ്പർ പിടികമുറികൾ 1-ാം കക്ഷിയുടെ അറിവോ സമ്മതമോ കൂടാതെ 2-ാം കക്ഷി ആർക്കും കൈമാറ്റംചെയ്യുവാനോ കീഴ്വാടകക്ക് കൊടുക്കുവാനോ പാടില്ലാത്തതാണെന്നും, മേൽ നമ്പർ പിടികമുറികൾ 1-ാം കക്ഷിയുടെ അനുമതിഇല്ലാതെകൂട്ടിച്ചേർക്കലുകളോ, എടുപ്പകളോ 2-ാംകക്ഷി നിർമ്മിക്കുവാൻപാടില്ലാത്തതാണെന്നും, മേൽ നമ്പർപീടികമുറികൾക്കോ അതിലുള്ള 1-ാംകക്ഷി വക സാധനങ്ങൾക്കോ, ഉപകരണങ്ങൾക്കോ വല്ല കേടുപാടുകൾ സംഭവിക്കുന്ന രീതിയിലുള്ള സാധനങ്ങളോ നിയമവിരുദ്ധമായ സാധനങ്ങളോ 2-ാം കക്ഷി സൂക്ഷിക്കുവാൻ പാടില്ലാത്തതാണെന്നും മേൽ നമ്പർ പീടികമുറികൾക്കോ അതിലുള്ള 1-ാം കക്ഷി വകസാധനങ്ങൾക്കോ ഉപകരണങ്ങൾക്കോ വല്ല കേടുപാടുകളുംസംഭവിക്കുകയാണെങ്കിൽ

1 T.V. Mathew.

2 [illegible]

ആയത് 2-ാം കക്ഷിയുടെചിലവിലും 1-ാം കക്ഷിയുടെ നിർദ്ദേശാനുസരണവും 2-ാം കക്ഷി മാറ്റിക്കൊടുക്കുകയോ നന്നാക്കി കൊടുക്കുകയോ ചെയ്യേണ്ടതാണെന്നും, മേൽപറഞ്ഞ കാലാവധി പൂർത്തിയാകുന്നതിനു മുമ്പ് 2-ാംകക്ഷി മേൽ നമ്പർ പീടികമുറികൾ ഒഴിഞ്ഞ് കൊടുക്കണമെന്ന് 1-ാം കക്ഷി ആവശ്യപ്പെടുകയാണെങ്കിൽ ആയത് രണ്ട് മാസം മുമ്പ് 2-ാം കക്ഷിയെയും രേഖാമൂലം അറിയിക്കേണ്ടതാണെന്നും ആ സമയത്തോ അല്ലാത്ത പക്ഷം മേൽ പറഞ്ഞ കാലാവധി പൂർത്തിയാകുമ്പോഴോ 2-ാം കക്ഷി യാതൊരുവിധ തടസ്സവും ഉപാധികളുമുന്നയിക്കാതെ ഒഴിഞ്ഞ് കൊടുക്കേണ്ടതാണെന്നുംആസമയംവാടകഉറപ്പിലേക്ക്അഡ്വാൻസായി 1-ാം കക്ഷിക്ക് കൊടുത്ത മേൽ സംഖ്യ യാതൊരു പലിശയും കൂടാതെ 1-ാം കക്ഷി 2-ാംകക്ഷിക്ക് മടക്കി കൊടുക്കേണ്ടതാണെന്നും നിശ്ചയിച്ചിരിക്കുന്നു. മേൽ കാലാവധിക്ക് ശേഷം വാടകക്കാർ പുതുക്കുമ്പോൾ കാലാനുസൃതമായ വാടക വർദ്ധനവോടുകൂടി പുതുക്കേണ്ടതാണെന്നും നിശ്ചയിച്ചിരിക്കുന്നു.

മേൽ നിശ്ചയങ്ങൾക്ക് വിപരീതമായി നമ്മളിൽ ആരെങ്കിലും എന്തെങ്കിലും പ്രവർത്തിച്ച് അന്യോന്യംവല്ല കഷ്ടനഷ്ടങ്ങൾക്കും ഇടവരുത്തിയാൽ ആയതിന് ഇടവരുത്തിയവരും അവർക്കുള്ള സ്വത്തുക്കളും ഉത്തരവാദിയാണെന്നും നിശ്ചയിച്ചും സമ്മതിച്ചും താഴെ എഴുതിയ സാക്ഷികൾ മുമ്പാന്തിരം വാടക കരാറിൽ നമ്മൾ ഒപ്പിട്ടിരിക്കുന്നു

1. T.V. Mathew [signature]

2. Shahudheen K [signature]

സാക്ഷികൾ

Jumesh. P.P
Pattikkadan (H)
Chirugatharam (P)
[signature]